
ശ്രീമുരുകാലയായുടെ
തിരുവാഭരണം
നിർമ്മാണം
E.K. ത്യാഗരാജൻ
സംവിധാനം
ശശികുമാർ
MADURAI PRINTING SYNDICATE-MADURAI

# സാങ്കേതികവിദഗ്ദ്ധന്മാർ (തിരശീലയ്ക്കു പിന്നിൽ)

| | | |
|---|---|---|
| തിരക്കഥ, സംഭാഷണം | – | ജഗതി |
| ഗാനങ്ങൾ | – | ശ്രീകുമാരൻതമ്പി |
| സംഗീതം | – | ആർ. കെ. ശേഖർ |
| പാടിയവർ | – | യേശുദാസ്, പി. ലീല, ജയച്ചന്ദ്രൻ, മാധുരി |
| ഛായാഗ്രഹണം | – | സി. ജെ. മോഹൻ |
| ചിത്രസംയോജനം | – | കെ. ശങ്കുണ്ണി |
| സഹസംവിധാനം | – | K. G. രാജശേഖരൻ B.SC. |
| കലാസംവിധാനം | – | എസ്. നാരായണൻ |
| നൃത്തസംവിധാനം | – | പാർത്ഥസാരഥി, മൂർത്തി |
| വേഷവിധാനം | – | കെ. വി. ഭാസ്കരൻ, സി വി. രാമചന്ദ്രൻ |
| വസ്ത്രാലങ്കാരം | – | എം. കുമാർ |
| സ്റ്റണ്ടുമാസ്റ്റർ | – | എസ്. വാസു |
| നിർമ്മാണനിർവ്വഹണം | – | പി. സി. പിള്ള |

## സഹായികൾ

| | | |
|---|---|---|
| സംവിധാനം | – | സരസൻ, ശ്രീകുമാർ അശോകൻ |
| ഛായാഗ്രഹണം | – | ഗോവിന്ദരാജ്, സേതു |

| | | |
|---|---|---|
| ചിത്രസംയോജനം | – | ഇ. എം. മാധവൻ, കെ. പി. പുത്രൻ. |
| വസ്ത്രാലങ്കാരം | – | കാസിം |
| സംഭാഷണ ശബ്ദലേഖനം | – | കന്തസ്വാമി ബാലചന്ദ്രൻ |
| നിർമ്മാണ നിർവ്വഹണം | – | ഗോപാൽ, ബേബി |
| സ്റ്റുഡിയോ | – | കർപ്പകം |
| ലാബറട്ടറി | – | വാസു സ്റ്റുഡിയോസ് |
| പ്രോപ്പസ്സസിംഗ് | – | ബാൽജി സിൻഡേ ഈശ്വർസിംഗ് |
| വാതിൽപ്പുറകാഴ്ചകൾ | – | ചിത്രാ മൂവീസ് |
| റിക്കാർഡിംഗ് — റീ റിക്കാർഡിംഗ് | – | കണ്ണൻ (ഭരണി) |
| സംഭാഷണ ശബ്ദലേഖനം | – | നാഥൻ (കർപ്പകം) |
| നിശ്ചലഛായാഗ്രഹണം | – | ത്രീസ്റ്റാർസ് |
| പബ്ലിസിററി | – | എസ്. എ.നായർ, സലാം |
| വിതരണം | | ഡിന്നി ഫിലിംസ്, കോട്ടയം |
| നിർമ്മാണം | – | ഈ. കെ. ത്യാഗരാജൻ |
| സംവിധാനം | – | ശശികുമാർ |

# തിരുവാഭരണം

## താരങ്ങൾ

നസീർ – ഡയറക്ടർ ബാബു
മധു (ഗസ്റ്റ് ആർട്ടിസ്റ്റ്) – രാഘവൻ
ഉമ്മർ – പ്രഭു
വിൻസൻറ് (ഗസ്റ്റ് ആർട്ടിസ്റ്റ്) – വിൻസൻറ്
തിക്കുറിശ്ശി – ക്യാപ്റ്റൻ നമ്പ്യാർ
അടൂർഭാസി – ക്യാമറാമൻ നിരോധ്കുമാർ
ബഹദൂർ – കണ്ടക്ടർ കുഞ്ഞൻ
ജോസ്പ്രകാശ് – ഡ്രൈവർ–പരമേശ്വരൻ നായർ
ശങ്കരാടി – ഗോൺസാൽവാസ്
മുത്തയ്യ – വിരക്താനന്ദസ്വാമി
മണവാളൻ – ഹാജിയാർ
കടുവാക്കുളം ആൻറണി – അമിട്ടന്തോണി
പറവൂർ ഭരതൻ – ഭാഗവതർ
തൊടുപുഴ രാധാകൃഷ്ണൻ – പിച്ചാത്തി ഭാസ്കരൻ
പി. ആർ. മേനോൻ – നമ്പൂതിരി

മോഹൻ – ടോമി
മാത്യു പ്ലാത്തോട്ടം – കുട്ടൻ
ശശി – സക്സസ്സ് രാമു
ഉശിലൈമണി – സക്സസ്സ് സാൻറോ
പുതുമുഖം രവി – രവി
വിജയശ്രീ – മിനി
ജയഭാരതി (ഗസ്റ്റ് ആർട്ടിസ്റ്റ്) – ലക്ഷ്മി
കവിയൂർ പൊന്നമ്മ (ഗസ്റ്റ് ആർട്ടിസ്റ്റ്) – അന്തർജ്ജനം
ശ്രീലത – ഡാൻസർ ലീലാമണി
സാധന – ജോളി ഗോൺസാൽവാസ്
മീന – മിസ്സിസ്–ഗോൺസാൽവാസ്
കദീജ – സക്സെസ് നാരായണി
ശൈലജ – തങ്കമണി
ജെസി – നാരായണിയുടെ മകൾ
അമ്പിളി – നഴ്സ്
വിജയ – കാട്ടുപെണ്ണ്

## നിങ്ങൾക്കു ചിരിക്കാൻ; കുടുകുടെ ചിരിക്കാൻ; പൊട്ടിപ്പൊട്ടി ചിരിക്കാൻ

## ഒരു ചലച്ചിത്രകാവ്യം!

### പ്രമുഖരിൽ ചിലർ:

**ഡയറക്ടർ ബാബു:** പൂനാ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ചലച്ചിത്രസംവിധാനത്തിൽ ബിരുദം കരസ്ഥമാക്കിയ ഒരു സിനിമാ ഭ്രാന്തൻ. കാട്ടുവള്ളികളേയും പുൽച്ചെടികളേയും ശതാവേരിക്കിഴങ്ങുകളേയും മുഖ്യകഥാപാത്രങ്ങളാക്കിക്കൊണ്ടു് ''കാട്ടുകിഴങ്ങു്'' എന്ന ന്യൂ വേവ് ചിത്രം നിർമ്മിക്കാൻ വേണ്ടി ഇറങ്ങി പുറപ്പെട്ടിരിക്കുന്നു.

**ക്യാമറാ മാൻ നിരോധ്കുമാർ:** ഡയറക്ടർ ബാബു ഊളമ്പാറയുടെ സ്ഥിരം ക്യാമറാമേൻ. ക്യാമറാ കൊണ്ടു് ഇന്ദ്രജാലം കാട്ടുന്ന ഇയാൾ ''കാട്ടുകിഴങ്ങു്'' എന്ന ചിത്രത്തിന്റെ ഔട്ട്ഡോർ ഷൂട്ടിംഗിനുവേണ്ടി ഇവിടെയെത്തിയിരിക്കുന്നു; കേരളത്തിന്റെ വനഭംഗി ചിത്രീകരിക്കാൻ; മരതകക്കുന്നുകളും കാട്ടരുവികളും അഭ്രത്തിലേക്കു പകർത്താൻ.

**പ്രഭു:** സുമുഖനും സുന്ദരനും പ്രതാപവാനുമായ ഒരു മനുഷ്യൻ. അയാളുടെ മനസ്സു് കണ്ടവരാരുമില്ല. പണത്തിനുവേണ്ടി എന്തും ചെയ്യാൻ മടിയില്ലാത്ത ഇയാൾ 'തിരുവാഭരണം'' തേടിയിറങ്ങിയിരിക്കുകയാണു്.

**ക്യാപ്റ്റൻ നമ്പ്യാർ:** കൈക്കു പരുക്കു പറ്റിയതു മൂലം വിശ്രമത്തിനായി സിംഗപ്പൂരിൽ നിന്നും ഇവിടെ എത്തിയിരിക്കുന്നു. കയ്യിൽ വിലമതിക്കാനാവാത്ത രത്നങ്ങളുണ്ടു്. ഒപ്പം സുന്ദരിയായ മകൾ മിനിയും. ഇദ്ദേഹത്തിനുമുണ്ടു് തിരുവാഭരണത്തോടു് ചെറിയൊരുനോട്ടം.

# തിരുവാഭരണം

## കഥാസാരം :—

17_ാം നൂററാണ്ടിന്റെ തുടക്കത്തിൽനിന്നും കഥയാരംഭിക്കുന്നു....

ബ്രിട്ടീഷുകാരും, ടിപ്പുസുൽത്താനുമായി ഭയങ്കര യുദ്ധം നടക്കുന്ന സമയം. നിരവധി ക്ഷേത്രങ്ങളും പ്രാർത്ഥനാലയങ്ങളും യുദ്ധത്തിൽത്തകർന്നു മണ്ണോടു മണ്ണടിഞ്ഞു.... കൂട്ടത്തിൽ മാടായി ക്ഷേത്രവും.

എന്നാൽ തകർന്ന ക്ഷേത്രത്തിലെ മുത്തും, വൈഡൂര്യവും, മരതകവും പതിച്ച അമൂല്യമായ ''തിരുവാഭരണം'' ഇളമന നമ്പൂതിരി ഒരു പെട്ടിയിലാക്കി കുഴിച്ചിട്ടു.

കാലം കടന്നുപോയി....

തിരുവാഭരണത്തെക്കുറിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തിയ ഒരു താളിയോലഗ്രന്ഥം ഇളമന ഇല്ലത്തവശേഷിച്ചു....

ആ ഗ്രന്ഥം കയ്യിൽകിട്ടിയ ഇളമന ഇല്ലത്തിലെ പിൻതുടർച്ചാവകാശികളായ ഒരമ്മയും, മകനും ആ ഓലയുമായി സ്വന്തം കാറിൽ വനാന്തരത്തിലേക്കു യാത്രയായി.... തിരുവാഭരണവുമന്വേഷിച്ച്.

യാത്ര അധികം തുടരേണ്ടിവന്നില്ല. അവർ സഞ്ചരിച്ചിരുന്ന കാർ ഒരു വൻ വൃക്ഷത്തിലിടിച്ചുതകർന്നു.

വനമദ്ധ്യത്തിൽവെച്ച് ബസ് കേടായിപ്പോയതുമൂലം സമീപത്തു വിശ്രമിച്ചുകൊണ്ടിരുന്ന ഒരു സംഘം ബസ്‌യാത്രക്കാർ കാറിടിച്ച ശബ്ദംകേട്ട് അവിടെ ഓടിക്കൂടി.

വിവിധ സ്വഭാവക്കാരും തരക്കാരുമായിരുന്ന ആ ബസ്‌യാത്രക്കാർ. കേരളത്തിന്റെ വനഭംഗി ചിത്രീകരിക്കുവാൻവേണ്ടി പുറപ്പെട്ട സിനിമാഭ്രാന്തൻമാരായ ചിത്രസംവിധായകൻ ബാബു ഊളൻപാറയും, സന്തതസഹചാരി ക്യാമറാമാൻ നിരോധ്കുമാറും, കൈക്ക് ഗുരുതരമായി പരിക്കുപററിയതുകൊണ്ട് വിശ്രമത്തിനായി സിങ്കപ്പൂരിൽനിന്ന് ഇവിടെ എത്തിയിരിക്കുന്ന ക്യാപ്ററൻ നമ്പ്യാരും മകൾ മിനിയും, മറെറാരു പണക്കാരനായ പ്രഭു, വേളാങ്കണ്ണിയിലേക്കു തീർത്ഥയാത്ര പുറപ്പെട്ട തങ്കശ്ശേരിക്കാരൻ ഗോൺസാൽവാസും കുടുംബവും മാനന്തവാടിക്കടുത്ത് ഉത്സവത്തിനു പോകുന്ന ഡാൻസർ ലീലാഭായിയും, വാൽനക്ഷത്രം പിച്ചാത്തി ഭാസ്ക്കരനും, ഭാഗവതരും, മർക്കാരപ്പള്ളിയിൽ പെരുന്നാളിന് വെടിക്കെട്ടുനടത്താൻ പോകുന്ന അമീട്ടന്തോ

ണിയും, സർക്കസിനുപോകുന്ന സക്സസ് നാരായണിയും പാർട്ടിയും ആഢ്യബ്രാഹ്മണൻ വിലപനനമ്പൂതിരി ഇഹലോകജീവിതത്തോടു വിരക്തി തോന്നിയ വിരക്താനന്ദസ്വാമികരം, ഹജ്ജിനുപോയി മടങ്ങി വരുന്ന അബൂക്കരാജി.... അങ്ങിനെ വിഭിന്നതരക്കാരായ ഒരു കൂട്ടമാളുകരം.

ശബ്ദംകേട്ടു് ഓടിയെത്തിയ ഇവർ കണ്ടതു് മരത്തിലിടിച്ചു് തകർന്ന കാറും അതിനുള്ളിൽ മരിച്ചുകിടക്കുന്ന മകനേയും മൃതപ്രായയായ അമ്മയേയുമാണു്. കയ്യിലിരുന്ന താളിയോല പ്രഭുവിൻെറ കയ്യിൽ കൊടുത്തിട്ടു് അമ്മയും അന്ത്യശ്വാസം വലിച്ചു.

പ്രഭുവിൻെറ കയ്യിൽകിട്ടിയ—തിരുവാഭരണത്തേക്കുറിച്ചു് രഹസ്യവിവരങ്ങരം രേഖപ്പെടുത്തിയിരിക്കുന്ന—താളിയോലക്കുവേണ്ടി അവർ പിടിവലിയായി.

നിമിഷത്തിനകം ആ ഗ്രന്ഥം പിച്ചിച്ചീന്തപ്പെട്ടു. ഓരോരുത്തരും അവരവരുടെ കയ്യിൽകിട്ടിയ ഓലക്കഷണങ്ങളുമായി വനാന്തരത്തിലേക്കോടി—ആ അമൂല്യനിധി—തിരുവാഭരണം കണ്ടെടുക്കാൻ........

തിരുവാഭരണത്തിനുവേണ്ടിയുള്ള പരക്കംപാച്ചിലിൽ പല അത്യാഹിതങ്ങളും സംഭവിച്ചു. പാവപ്പെട്ടവനായ രാഘവൻെറ ഭാര്യ പാറയിടുക്കിൽവീണു മരിച്ചു. ഗോൺസാൽവാസും കുടുംബവും മുതലയുടെ വായിലകപ്പെട്ടു. ഡാൻസ് പാർട്ടിയും, ബസ് കണ്ടക്ടറും നമ്പൂതിരിയും തമ്മിലടിപിടിയായി. ഹാജിയാരെയും സ്വാമികളേയും കാട്ടാളന്മാർ പിടികൂടി. നമ്പ്യാർ സിംഗപ്പൂരിൽനിന്നും കൊണ്ടുവന്ന വിലപ്പെട്ട വൈഡൂര്യക്കല്ലുകരം തട്ടിയെടുക്കാൻ പ്രഭു പല ശ്രമങ്ങളും നടത്തി. എന്തിനേറെപ്പറയുന്നു കനകത്തിനുവേണ്ടിയുള്ള കലഹം പല കുഴപ്പങ്ങളും സൃഷ്ടിച്ചു ?

എല്ലാം നഷ്ടപ്പെട്ടു് അവിടെ ഓടിയെത്തിയവർ കവചകുണ്ഡലങ്ങളും, മുത്തുപേസരികളും, കനകച്ചിലമ്പും, സ്വർണ്ണപ്പതക്കവും, തങ്കവളകളും, മുത്തുമാലയുമെല്ലാം നിറച്ച ആ തിരുവാഭരണപ്പെട്ടി കണ്ടു് അത്ഭുതപ്പെട്ടു. അതു കണ്ടവരുടെയെല്ലാം കണ്ണുമഞ്ജി!!!

ആ അമൂല്യനിധിയുടെ അതുല്യപ്രഭയിൽ, ദിവ്യ ചൈതന്യത്തിൽഅവർ അസ്തപ്രജ്ഞരായി....!

ഏതോ അദൃശ്യശക്തിയുടെ മായാവലയത്തിൽ അവർ കുരുങ്ങിനിന്നു; എന്തുചെയ്യണമെന്നറിയാതെ....!

പിന്നീടവിടെ സംഭവിച്ചതെല്ലാം അത്ഭുതങ്ങളായിരുന്നു. നിങ്ങളെ രോമാഞ്ചമണിയിക്കുന്ന....മനസ്സിലൊരു മായാപ്രപഞ്ചം സൃഷ്ടിക്കുന്ന അനന്തരംഗങ്ങരം....'തിരുവാഭരണം' നേരിൽ കാണുവാൻ നിങ്ങളെ ക്ഷണിക്കുന്നു.

# തിരുവാഭരണം

ഗാനം 1

ഗാനരചന: ശ്രീകുമാരൻതമ്പി

സംഗീതസംവിധാനം: R. K. ശേഖർ

പാടിയതു്: യേശുദാസ്, പി. ലീല & പാർട്ടി

യേശു: ഏററുപാടാൻ മാത്രമായൊരു പാട്ടുപാടാം
കൂട്ടുകാരേ താളമിട്ടു........
പാട്ടുകാരേ കൂടെവരൂ........ (ഏററുപാടാൻ....)
പാട്ടിൻെറ രാഗം—കാളരാഗം
പാട്ടിൻെറ താളം—അവതാളം
(ഏററുപാടാൻ....)

ഭൂമിയിലെവിടെ സോഷ്യലിസം
ജനാധിപത്യ സോഷ്യലിസം
(ഭൂമിയിലെവിടെ....)

ടയർ പൊട്ടിനില്ക്കുമീ ജനകീയബസ്സിൽ
മൂട്ടയും ചകിരിയും പിണങ്ങുന്ന സീററിൽ
സോഷ്യലിസം.... സോഷ്യലിസം....
(ടയർപൊട്ടി....)

ഡോക്ടറും രോഗിയും ഒരുപോലെ—ഇതിൽ
പാപിയും പാതിരിയും ഒരുപോലെ
(ഡോക്ടറും....)

ഗസററഡ് നോൺഗസററഡ് വ്യത്യാസമില്ല
ജന്മികളും കുടിയാനും സീററൊന്നുതന്നെ
(ഏററുപാടാൻ ...)

ശംഭോമഹാദേവ ശംഭോമഹാദേവ
സാംബസദാശിവ ശംഭോശിവ....
(ശംഭോമഹാദേവ....)

ലീല: എന്തുചെയ്യേണ്ടു, ഞാനയ്യോ,
എന്തീ ബസ്സും നിന്നുപോയോ
ഹന്ത! നേരം മങ്ങുന്നല്ലോ
കാന്താ നമ്മളെന്തു ചെയ്യും?
കാന്താ............

I don't like this music-
Tomy come on—One-two-three
ഐ ഡോൺഡ് ലൈക് ദിസ് മ്യൂസിക്
ടോമീ കമോൺ—ഒൺ-ടൂ-ത്രീ....

When ever I am lonely
I remembered you
My heart belongs to you
My thought belongs to you

വെൻ എവർ ഐ ആം ലോൺലീ
ഐ റിമംബേർഡ് യൂ
മൈ ഹാർട്ട് ബിലോംഗ്സ് ടു യൂ
മൈ തോട്ട് ബിലോംഗ്സ് ടു യൂ
(ഏറ്റുപാടാൻ........)

## ഗാനം 2

ഗാനരചന: ശ്രീകുമാരൻതമ്പി

സംഗീതസംവിധാനം: ആർ. കെ. ശേഖർ

പാടിയതു്: യേശുദാസ്

താഴ്‌വര ചാർത്തിയ തങ്കപ്പതക്കം
താപസവാടി തൻ രോമാഞ്ചം
കളഭക്കളിരിൽ കതിർ ചൂടിനിൽക്കും
കന്യകയോ വനദേവതയോ....
കന്യകയോ വനദേവതയോ....
(താഴ്‌വര....)

താലതമാലങ്ങൾ കുടപിടിച്ചു
മാലതി പൂനിലാത്തൂണിപുതച്ചു
കാത്തവസന്തങ്ങളൊന്നു ചേർന്നു
കൺമണീ നിൻരൂപമാർന്നു വന്നു.
(താഴ്‌വര........)

നീ പദമൂന്നിയ തേൻവനത്തിൽ
ഞാനൊരു തെന്നലായലഞ്ഞുവെങ്കിൽ!
പൂത്തകിനാവിന്റെ സൗരഭമായ്
പൂമേനി വാരിപ്പുണർന്നുവെങ്കിൽ....
(താഴ്‌വര........)

## ഗാനം 3

ഗാനരചന: ശ്രീകുമാരൻതമ്പി

സംഗീതസംവിധാനം: ആർ. കെ. ശേഖർ

പാടിയതു്: ജയചന്ദ്രൻ

തലപ്പുമുകളിൽ വെൺകൊററക്കുട പിടിച്ചു
നിൽക്കും മാനം

വിലയ്ക്കു വാങ്ങീ ഞാൻ—പൊന്നും
വിലയ്ക്കു വാങ്ങീ ഞാൻ (തലസ്ഥമുകളിൽ........)

നാടായ നാടെല്ലാം എന്റെ സ്വന്തം
വീടായ വീടെല്ലാം എന്റെ സ്വന്തം
(നാടായ നാടെല്ലാം....)

നക്ഷത്രപ്പൂപോലെ നാണിച്ചുപൊത്തുന്ന
നാളികലോചന എന്റെ സ്വന്തം
(നക്ഷത്ര........)

കോടീശ്വരനല്ലേ—ഞാനൊരു
കോടീശ്വരനല്ലേ.... (തലസ്ഥമുകളിൽ....)

ഓടുന്ന കാറുകൾ പാറും വിമാനങ്ങൾ
ഓലിയിട്ടെത്തുന്ന തീവണ്ടികൾ (ഓടുന്ന........)

എല്ലാമെൻ സ്വത്തുക്കൾ—
ഇല്ലൊരു പാട്നറും
ഞാനാണു രാജാവും നേതാവും (എല്ലാമെൻ....)

കോടീശ്വരനല്ലേ—ഞാനൊരു
കോടീശ്വരനല്ലേ (തലസ്ഥമുകളിൽ....)

ഞാനൊന്നു നോക്കിയാൽ സൂര്യനുദിച്ചിടും
ഞാൻ ചൊന്നാൽ ചന്ദ്രനിറങ്ങിവരും
(ഞാനൊന്നു........)

എല്ലാപുറമ്പോക്കും പാവങ്ങൾക്കേകിടും
പിന്നെപ്പോയ് ചന്ദ്രനിൽ താമസിക്കും
(എല്ലാ പുറമ്പോക്കും....)

കോടീശ്വരനല്ലേ—ഞാനൊരു
കോടീശ്വരനല്ലേ.... (തലസ്ഥമുകളിൽ....)

## ഗാനം 4

ഗാനരചന: ശ്രീകുമാരൻതമ്പി

സംഗീതസംവിധാനം: ആർ. കെ. ശേഖർ

പാടിയതു്: യേശുദാസ്, മാധുരി

യേശു: അമ്പലമേട്ടിലെ തമ്പുരാട്ടീ
അരളിപ്പൂന്തോപ്പിലെ മലവേടത്തീ
അച്ചാരം ചൊല്ലാതെ പെൺപ്പണവും വാങ്ങാതെ
അമ്മിണീ നിന്നെ ഞാൻ കൊണ്ടുപോകും
(അമ്പല........)

മാധുരി; തന്താനം കാട്ടിലെ താഴംപൂകാട്ടിലെ
തേന്മാവുപോലുള്ള തമ്പുരാനേ—നല്ല
തേനൊത്ത മൊഴിയുള്ള തമ്പുരാനേ
തന്തയെതിത്താലും തള്ളയെതിത്താലും
തങ്കപ്പാ, ഞാൻ നിന്റെ കൂടെപ്പോരും
(തന്താനം........)

രണ്ടുപേരും—

തയ്യ തയ്യ തയ്യ താനേ തയ്യാരേ....
തയ്യ തയ്യ തയ്യ താനേ തയ്യാരേ....

മാധുരി: പൂക്കലപോലുറഞ്ഞു വന്നാലോ—അവർ
പുള്ളിപ്പുലിക്കൂടുവാതിൽ തുറന്നാലോ....?
(പൂക്കല....)

യേശു: കള്ളിപ്പെണ്ണേ നീയെൻ തോളിലുള്ളപ്പോഴ്
പുള്ളിപ്പുലീമെനിക്കു വെറും പുള്ളിമാൻ
(കള്ളിപ്പെണ്ണേ....)

രണ്ടുപേരും—

തയ്യാ തയ്യാ തയ്യാ താനേ തയ്യാരേ
തയ്യാ തയ്യാ തയ്യാ താനേ തയ്യാരേ

മാധുരി: വില്ലും ശരമെടുത്തു വന്നാലോ—അവർ
ചൊല്ലെഴുന്ന ശരമെടുത്തു തൊടുത്താലോ
(വില്ലും....)

യേശു: കണ്ണേ പൊന്നേ നീ മാറിലുള്ളപ്പോഴ്
അമ്പുമഴയെനിക്കു വെറും പൂമഴ....! (കണ്ണേ....)

രണ്ടുപേരും—

തയ്യാ തയ്യാ തയ്യാ താനേ തയ്യാരേ....
(അമ്പലമേട്ടിലെ........)

## ഗാനം 5

ഗാനരചന: ശ്രീകുമാരൻതമ്പി

സംഗീതസംവിധാനം: ആർ. കെ. ശേഖർ

പാടിയതു്: യേശുദാസ്

സ്വപ്നം ചിരിക്കുന്നു
സ്വർഗ്ഗം തിരയുമാ ചിരിയുടെ തിരകളിൽ
സ്വപ്നം മരിക്കുന്നു! (സ്വപ്നം....)

മലർപോലധരം മായാമധുരം
മനസ്സോ ഘോര വനാന്തം
ആദർശത്തിൻ പൂങ്കുലവിരിയും
ആരണ്യാഗ്നിയിലെരിയും
എരിയും പൂവിൻ പുകയിൽ നിന്നും
വിരിയുകയാണീ ഗാനം (സ്വപ്നം....)

കതിരൊളിതൂകും കാഞ്ചനമകലെ
കരയും യാത്രികളിവിടെ
ആളിപ്പടരും വ്യാമോഹദീപ്തിയിൽ
ആശ്രയഗോപുരമെവിടെ....
കളഞ്ഞ കരളിൻ തിരുവാഭരണം
തിരയുകയാണീ ഗാനം (സ്വപ്നം........)

## പ്രതീക്ഷിപ്പിൻ!!!

മലയാളത്തിലെ പ്രമുഖ താരങ്ങളെല്ലാം ഒന്നിച്ചണിനിരക്കുന്ന

ശ്രീ മുരുകാലയായുടെ

# സ്വർണ്ണം ചിരിക്കുന്നു

(മലയാളം)

---

# ★ പഞ്ചതന്ത്രം ★

(മലയാളം)


തിരുവാഭരണം
റിലീസ്